പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2515. 9.7.2015 -ൽ മറുപടിയ്ക്ക്

**അമ്പലപ്പുഴ മണ്ഡലത്തിൽ അസാപ് നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ. | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ? | (എ) | താഴെ പറയുന്ന സ്കൂളുകളിലാണ് അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>1. ഗവ. മുഹമ്മദൻസ് എച്ച്.എസ്.എസ് ഫോർ ബോയ്സ്, ആലപ്പുഴ.<br>2. ഗവ. മുഹമ്മദൻസ് എച്ച്.എസ്.എസ് ഫോർ ഗേൾസ്, ആലപ്പുഴ.<br>3. ലജ്ജനത്തുൽ മുഹമ്മദീയ എച്ച്.എസ്.എസ് , ആലപ്പുഴ.<br>4. ഗവ. ഗേൾസ് എച്ച്.എസ്.എസ്, ആലപ്പുഴ.<br>5. ഡോ.അംബേദ്ക്കർ മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്, പുന്നപ്ര.<br>6. ഗവ. മോഡൽ എച്ച്.എസ്.എസ് അമ്പലപ്പുഴ.<br>7. ശ്രീനാരായണ മെമ്മോറിയൽ എച്ച്.എസ്.എസ്, പുറക്കാട്.<br>8. അറവുകാട് എച്ച്.എസ്.എസ്, പുന്നപ്ര.<br>9. ഗവ.കോളേജ്, അമ്പലപ്പുഴ. |
| (ബി) | അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | അമ്പലപ്പുഴ. ഗവ. മോഡൽ എച്ച്.എസ്.എസ് സ്കൂളിനെ അസാപ്പിന്റെ സ്കിൽ ഡെവലപ്മെന്റ് സെന്ററായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ അസാപ്പിന് വിട്ടുതന്നിട്ടുള്ള അഞ്ച് മുറികളുടെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അറ്റകുറ്റ പണികൾ അസാപ്പിന്റെ ചെലവിൽ നടത്തിയിട്ടുണ്ട്. ഒരു കമ്പ്യൂട്ടർ ലാബും സ്ഥാപിച്ചിട്ടുണ്ട്. പരിശീലനത്തിനായി 32 കമ്പ്യൂട്ടറുകൾ, |

ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ്സ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ദൂരെ നിന്ന് വരുന്ന കുട്ടികൾക്ക് യാത്രാബത്തയും നൽകുന്നുണ്ട്.

(സി) ഇത്തരം സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(സി) താഴെപറയുന്ന കോഴ്സുകളാണ് നടത്തുന്നത്.

1. സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻസ്.
2. ഗ്ലോബൽ ബിസിനസ് ഫൗണ്ടേഷൻ സ്കിൽസ് (ജി.ബി.എ.എഫ്.എസ്)
3. ബി.എസ്.സി.സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് സർവ്വീസ് അസോസിയേറ്റ് പ്രോഗ്രാം.
4. സർട്ടിഫിക്കറ്റ് ഇൻ ബിസിനസ് കറസ്പോണ്ടൻസ് ആന്റ് ഫെസിലിറ്റേഷൻ.
5. സർട്ടിഫിക്കറ്റ് ഇൻ മ്യൂച്ചൽ ഫണ്ട് ഓജന്റ്.
6. സർട്ടിഫിക്കറ്റ് ഇൻ റീടെയിൽ സെയിൽസ് അസോസിയേറ്റ്.
7. സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ്.
8. സർട്ടിഫിക്കറ്റ് ഇൻ ഇൻഷ്വറൻസ് മാർക്കറ്റിംഗ്.
9. ഫിനാൻഷ്യൽ അഡ്വൈസറി ആൻറ് മാർക്കറ്റിംഗ് സർവ്വീസസ്.
10. സർട്ടിഫിക്കറ്റ് ഇൻ 3ഡി മോഡലിംഗ് ആന്റ് ടെക്സ്റ്ററിംഗ് ഫോർ ആനിമേഷൻ ഫിലിം മേക്കിംഗ്.
11. സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി നഴ്സിംഗ് ആന്റ് പാലിയേറ്റീവ് കെയർ.
12. സർട്ടിഫിക്കറ്റ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ്.
13. സർട്ടിഫിക്കറ്റ് ഇൻ കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്.
14. സർട്ടിഫിക്കറ്റ് ഇൻ ഫീൽഡ് ടെക്നിഷ്യൻ ആന്റ് എ.സി.
15. സർട്ടിഫിക്കറ്റ് ഇൻ ഡൊമസ്റ്റിക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ.

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ ഏതു വിധത്തിലാണ് നിയമിച്ചിട്ടുള്ളത് ; ഇവർക്കു നൽകുന്ന വേതന ഘടന വ്യക്തമാക്കുമോ ? | (ഡി) | ഓരോ കോഴ്സുമായി ബന്ധപ്പെട്ട വ്യവസായ പങ്കാളികളുമായി അസാപ് കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പങ്കാളികളുടെ വിദഗ്ധരായ പരിശീലകർ ആണ് വിദ്യാർത്ഥികൾക്ക് സ്കിൽ കോഴ്സുകളിൽ പരിശീലനം നൽകുന്നത്. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വ്യവസായ പങ്കാളികൾക്ക് അസാപ് നൽകും. ഈ സാഹചര്യത്തിൽ വ്യവസായ പങ്കാളികളുടെ പരിശീലകർക്ക് അവരാണ് വേതനം നൽകുന്നത്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് ഐ.റ്റി എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്നത് അസാപ്പിന്റെ കീഴിലുള്ള കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ ആണ്. സ്കിൽ എക്സിക്യൂട്ടീവിന് മണിക്കൂറിൽ 500 രൂപ വേതനമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ